LIBRARY ARCHIVES Kerala Legislative Assembly

അബ്ക്കാരികളിൽനിന്നും കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

48 [223] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ അബ്കാരികളിൽനിന്നും കുടിശ്ശിക ഇനത്തിൽ എന്തു തുക കിട്ടാനുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുകയ്ക്ക് സർക്കാർ സ്റ്റേ നൽകിയിട്ടുണ്ട്; അഞ്ച് ലക്ഷത്തിനുമേൽ സ്റ്റേ അനുവദിച്ചിട്ടുള്ളവരുടെ പേരു വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) കള്ളുഷാപ്പുകൾ നടത്തിയിരുന്ന സൊസൈറ്റികൾ വരുത്തിയ കുടിശ്ശിക ഇനത്തിൽ 2001-2002 വർഷത്തിൽ 2,35,53,440 രൂപ കിട്ടാനുണ്ട്. 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ അഡ്വാൻസായി കിസ്തു തുക സ്വീകരിച്ചതിനാൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

(ബി) ആർക്കും സ്റ്റേ നൽകിയിട്ടില്ല.

ചാരായ തൊഴിലാളികളുടെ പുനരധിവാസം

49 [224] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി എന്തായിയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കള്ളു വ്യവസായത്തിലും വിദേശമദ്യ വ്യാപാരത്തിലും എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(സി) ബീവറേജസ് കോർപ്പറേഷൻ എത്ര വിദേശമദ്യ ചില്ലറ വില്പന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്;

(ഡി) പുതുതായി എത്ര വിൽപ്പനശാലകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള അബ്ക്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകിയ ലിസ്റ്റ് അനുസരിച്ച് കള്ളുഷാപ്പുകളിൽ ചാരായ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവുകളനുസരിച്ച് തൊഴിൽ